بسم الله الرحمن الرحیم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 15/04/2016

**(07 RAJAB 1437 HIJRI)**

**Hazrat Khalifathullah Munir Ahmad Azim (A)**

## “LET GO OF CORRUPTION & EMBRACE TRUE DEVOTION ”

## “അഴിമതി വെടിഞ്ഞ് ഭക്തിമാർഗ്ഗം സ്വീകരിക്കാം.”

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം **അഴിമതി വെടിഞ്ഞ് ഭക്തിമാർഗ്ഗം സ്വീകരിക്കാം** എന്ന വിഷയത്തിലേക്ക് പ്രവേശിച്ചു. **“മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അല്ലാഹു അവരെ അനുഭവിപ്പിക്കുന്നു. അവർ (ദുഷ്കൃത്യങ്ങളിൽ നിന്ന്) മടങ്ങുന്നതിനുവേണ്ടി”** 30:42

**“ആ നിശ്ചിത സമയം ആസന്നമാകുകയും ചന്ദ്രൻ പിളരുകയും ചെയ്തിരിക്കുന്നു.”** 54:2 പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ ആഗമനത്തിന് നൂറ്റാണ്ടുകൾക്കു മുമ്പ് മുതൽ തന്നെ മാനവ വിഷയങ്ങളിൽ കുത്തനെയുള്ള അധപതനത്തിന് ലോകം സാക്ഷ്യംവഹിച്ചിട്ടുണ്ട്. പിൻതിരിഞ്ഞു നോക്കുമ്പോൾ, രാഷ്ട്രീയ സാമൂഹ്യ അവസ്ഥകൾ മോശപ്പെട്ടതായി, അന്താരാഷ്ട്രതലത്തിൽ തന്നെ, അതായത് യൂറോപ്പിലും, അമേരിക്കയിലും, ഏഷ്യയിലും, ആഫ്രിക്കയിലും, അറേബ്യൻ രാജ്യങ്ങളിലും നമുക്ക് കാണുവാൻ കഴിയും. അത്തരം സന്ദർഭങ്ങളിൽ പ്രവാചകന്മാരുടെ, പരിഷ്കർത്താക്കളുടെ, മുന്നറിയിപ്പുകാരുടെ ആഗമനത്തിനും ലോകം സാക്ഷ്യം വഹിച്ചിട്ടുണ്ട്. അവർ ജനങ്ങൾക്ക് അത്തരം സന്ദർഭങ്ങളിൽ ജാഗ്രത നിർദ്ദേശം, മതരംഗത്തും, രാഷ്ട്രീയ രംഗത്ത് പോലും നൽകിയിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്. ഈ കാലങ്ങളിൽ ദ്വീപുകളെപ്പോലും ഈ അധപതനത്തിൽ നിന്നും ഒഴിവാക്കിയിട്ടില്ല. മൗറീഷ്യസ്, ഒരു സ്വർഗ്ഗ ദ്വീപായിട്ടുപോലും എല്ലാ രംഗത്തും ഇത്തരം കുഴപ്പങ്ങൾ ബാധിച്ചിരിക്കുകയാണ്.

വിശുദ്ധ ഖുർ ആൻ വിലപ്പെട്ട അറിവുകളുടെ ഉറവിടമെന്ന നിലയിലും മാർഗ്ഗദർശനമെന്ന നിലയിലും ഈ വിഷയത്തിൽ വളരെ മഹത്തായ വെളിച്ചമാണ് പകരുന്നത്. ഒരു യഥാർത്ഥ ദൈവീക സന്ദേശം വരുന്നത് മാനവസമൂഹം അന്ധകാരത്തിലകപ്പെടുമ്പോഴാണ്. ദൈവവും മനുഷ്യനുമായുള്ള ബന്ധത്തിന്റെ യഥാർത്ഥ നില അവന്റെ ജീവിതത്തിൽ രൂപപ്പെടുത്തിയെടുക്കുന്നതിനാണ് ഈ മാർഗ്ഗദർശനം അനിവാര്യമാകുന്നത്. തന്റെ സൃഷ്ടിപ്പിന്റെ ഉദ്ദേശം കരഗതമാകുന്നത് ഈ ദർശനത്തിലൂടെയാണ്. അതായത് ദൈവത്തെ ആരാധിക്കുന്നതാണ് സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം. മറ്റൊരു വാക്കിൽ പറഞ്ഞാൽ, ഒരു യഥാർത്ഥ ദൈവ പ്രവാചകന്റെ ആഗമന സമയത്ത് ലോകത്തിന്റെ അവസ്ഥ, മനുഷ്യന്റെ ധാർമ്മിക ആത്മീയ അവസ്ഥ, മോശമായി തീർന്നിട്ടുണ്ടാകും. പുരോഗതി നിലച്ചിട്ടുണ്ടാകും. മനുഷ്യ സമുദായത്തിന്റെ ദൈനംദിന ധാർമ്മിക ആത്മീയ കാര്യങ്ങൾ പ്രയോജനകരമായ നിലയിൽ, നല്ല നിലയിൽ നടത്തുന്നതുവരെ ഈ നില തുടരുന്നതാണ്. ഇത്തരം അവസ്ഥകളിൽ മനുഷ്യൻ, ഒരന്ധകാര കാലഘട്ടത്തിലായിരിക്കും. അപ്പോൾ ഒരു പുതിയ മതപരമായ സന്ദേശം വന്നെത്തുന്നു. ലോകത്തിന്റെ രാഷ്ട്രീയ ചരിത്രങ്ങളിൽ ഇത് വ്യക്തമാക്കപ്പെട്ടിട്ടുള്ളതാകുന്നു. വിശുദ്ധ ഖുർ ആൻ പ്രസ്താവിക്കുന്നു. **“ ആ നാശം പ്രത്യക്ഷമായിരിക്കുന്നു.”** മനുഷ്യ സമുദായം ആ കാലഘട്ടത്തിൽ നാശത്തിലകപ്പെടുന്നതാണ്, അത് അവരുടെ തന്നെ പ്രവർത്തനങ്ങളുടെ ഫലമാണ്. മറ്റൊരു സ്ഥലത്ത് വിശുദ്ധ ഖുർ ആൻ പറയുന്നു. **“ ആ സമയം ആസന്നമായിരിക്കുന്നു.”** മനുഷ്യന്റെ ധാർമ്മികവും ആത്മീയവുമായ സംസ്ക്കരണത്തിനുള്ള സമയം. നാം മനസ്സിലാക്കേണ്ട നിർബന്ധമായ കാര്യമാണ്, വിശുദ്ധ ഖുർആൻ ഇന്ന്

നമ്മെ അഭിസംബോധന ചെയ്യുന്നത്, പണ്ട് അഭിസംബോധന ചെയ്ത അതേ വീര്യത്തോടെയും, ആവശ്യകതയോടെയുമാണ്, അതായത് പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെയും ആദ്യകാല വിശ്വാസികളുടെയും സമയത്തുള്ള അതേ ഗൗരവത്തോടെ ! അദ്ധ്യായം 30ൽ 9 മുതൽ 41 വരെയുള്ള വചനങ്ങളിലെ പ്രതിപാദ്യം, സർവ്വ ശക്തനും കഴിവുറ്റവനുമായ ദൈവം സൃഷ്ടിക്കുന്നു, നിയന്ത്രിക്കുന്നു, മാർഗ്ഗ ദർശനം നൽകുന്നു. എല്ലാ ജീവജാലങ്ങളെയും തുടക്കം മുതൽ ഒടുക്കം വരെ. അവനിലുള്ള വിശ്വാസം ഉല്പാദിപ്പിക്കുകയും മനുഷ്യ മനസ്സിൽ അത് ക്രമേണ കടത്തി വിടുകയും ചെയ്യുന്നതാണ് പ്രസ്തുത വചനങ്ങൾ. (30:42 ൽ നമ്മോട് പറയുന്നത് ഭൂമുഖത്ത് അന്ധകാരം ആവരണം ചെയ്യുമ്പോൾ, മനുഷ്യൻ ദൈവ സ്മരണയിൽ നിന്നു അകന്നു പോകുമ്പോൾ, തന്റെ സങ്കൽപത്തിലും സൃഷ്ടിപ്പിലുമുള്ള ദൈവങ്ങൾക്ക് കീഴ്പ്പെടുകയും ചെയ്യുമ്പോൾ ദൈവം ഒരു പ്രവാചകനെ ഉയർത്തുന്നു. **“വഴിതെറ്റിയ കൂട്ടത്തെ തന്റെ യജമാനന്റെ അടുക്കലേക്ക് നയിക്കുവാൻ”** കരയും കടലും എന്ന വാക്കുകൾ കൊണ്ട് അർത്ഥമാക്കുന്നത് (1) ജനങ്ങളുടെ സംസ്കാരങ്ങളും പരിഷ്കാരങ്ങളും, തികച്ചും ചിന്തയുടെയും കൂട്ടായ മാനവ അനുഭവത്തിന്റെയും വെളിച്ചത്തിൽ രൂപപ്പെടുത്തിയെടുത്തത്; ജനകീയ സംസ്കാരങ്ങളും പരിഷ്കാരങ്ങളും ദൈവീക വെളിപാടുകളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയത്. (2) ദ്വീപുവാസികൾ ഈ വചനം അർത്ഥമാക്കുന്നത് ലോകത്തെ സകല ജനതയും നാശത്തിലകപ്പെട്ടിരിക്കുന്നു, രാഷ്ട്രീയമായും സാമൂഹ്യമായും ധാർമ്മികമായും! രണ്ടാമത്, ചന്ദ്രൻ പിളർന്നിരിക്കുന്നു. ഞാൻ പാരായണം ചെയ്ത രണ്ടാം വചനം (54:2) അറബികളുടെ രാഷ്ട്രീയ അധികാരത്തിന് വേണ്ടി നിലകൊള്ളുന്നു; അഥവാ പൊതുവിലുള്ള രാഷ്ട്രീയ അധികാരത്തെ സൂചിപ്പിക്കുന്നു. അത് അവസാനിക്കാറായിരിക്കുന്നു. ആ സമയം, ഒരു ആത്മീയ വിപ്ലവം ഉണ്ടാകേണ്ടതുണ്ട്. മാനവ പ്രവർത്തനത്തിന്റെ സകല മേഖലകളെയും അത് ബാധിക്കുന്നതാണ്. രാഷ്ട്രങ്ങളുടെ ഉത്ഭവവും ചൈതന്യവും അവയുടെ സാമ്രാജ്യങ്ങളായുള്ള വളർച്ചയും, ചിലപ്പോൾ ചില അടിസ്ഥാന സന്ദേശത്തിന്റെ അടിസ്ഥാനത്തിലാകാം അതിന്റെ തുടക്കം അഥവാ തത്വചിന്തയുടെ ചുവടു പിടിച്ച് വികസിപ്പിച്ചെടുത്ത രാഷ്ട്രീയ വ്യവസ്ഥയാകാം. എങ്ങനെയായാലും ഈ രാഷ്ട്രീയ വ്യവസ്ഥകൾക്ക് മാനവ ആവശ്യങ്ങൾ അനന്തമായി കൈകാര്യം ചെയ്യുവാൻ കഴിയുകയില്ല. അവരുടെ വ്യവസ്ഥയുടെ, രാഷ്ട്രങ്ങളുടെ അധപതനം അതിനുള്ള വ്യക്തമായ തെളിവാണ്. അഞ്ചാം നൂറ്റാണ്ടിലും ആറാം നൂറ്റാണ്ടിലും ഏഴാം നൂറ്റാണ്ടിലും ഈ രാഷ്ട്രീയ വ്യവസ്ഥകൾ അധപതനത്തിന്റെ പാതയിലായിരുന്നു; നിലനിൽപ്പിനായി അത് പോരാടിക്കൊണ്ടിരുന്നു. അസാധാരണമായ ഭരണാധികാരികൾ വരുകയും രാജ്യത്തെ വീണ്ടും ക്രമപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിലും അവയുടെ തകർച്ച അനിവാര്യമായിരുന്നു; പഴയ തത്വ സംഹിതയ്ക്ക് രാജ്യത്തെ രക്ഷിച്ചു നിർത്തുവാൻ കഴിഞ്ഞില്ല. ഇത്തരം അധപതനസമയത്ത് 7-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഒരു ദൈവീക പ്രവാചകൻ, മാനവകുലത്തിനാകമാനമായി, സാർവ്വദേശീയ സന്ദേശവുമായി ആഗതരായി. ഈ പുതു സന്ദേശത്തെ സ്വീകരിച്ചാലും അഥവാ തിരസ്ക്കരിച്ചാലും രാഷ്ട്രങ്ങൾ അവരുടെ പഴയ സന്ദേശത്തിന്റെ സ്ഥാനത്ത് പുതിയത് പകരം വച്ചു. അങ്ങനെ അവരുടെ ചരിത്രത്തിൽ ഒരു പുതു കാലഘട്ടത്തിന് തുടക്കം കുറിച്ചു. ഈ രാഷ്ട്രങ്ങളുടെ ചരിത്രത്തിൽ അത് വളരെ വലിയ സ്വാധീനം ചെലുത്തുകയുണ്ടായി.

നാം സൂക്ഷ്മനിരീക്ഷണം നടത്തിയാൽ മനസ്സിലാകും, പരിഷ്കാരങ്ങളിലൂടെയാണ് മാനവ പുരോഗതി ഉണ്ടായിട്ടുള്ളതെന്ന് ! അതിന് നല്ല നിലയിലുള്ള സാമൂഹ്യ നിയമങ്ങൾ ആവശ്യമാണ്. അത്തരം നിയമങ്ങൾ നിർബന്ധമായും അനുസരിക്കേണ്ടതുമാണ്. ഒരു നല്ല മതം, മനുഷ്യന്റെ ആത്മീയ ഉയർച്ചയ്ക്കുള്ള സമ്പൂർണ്ണ ധാർമ്മിക പെരുമാറ്റ നിയമങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കണം. നല്ലതും ചീത്തയും അതിൽ വേർതിരിച്ചിരിക്കണം. നല്ല ധാർമ്മികതകൾ നേടുന്നതിനുള്ള വഴിയും ചീത്തയായവ ഒഴിവാക്കുവാനുള്ള വഴിയും അതിൽ വ്യക്തമാക്കേണ്ടതാണ്. ഒരു മതം, അതിന്റെ ഘടന ബലമുള്ളതല്ലെങ്കിൽ, നല്ല ധാർമ്മികതകൾ നേടുവാനുള്ള വഴികൾ ഇല്ലെങ്കിൽ, അത് മെല്ലെ മെല്ലെ വീണു തുടങ്ങും. ഇന്ന് മനുഷ്യൻ അഭിമുഖീകരിക്കുന്ന സാമൂഹ്യ പ്രശ്നങ്ങൾക്ക് അനുയോജ്യമായ പരിഹാര നിർദ്ദേശങ്ങൾ ഒരു മതം നൽകുകയാണെങ്കിൽ, അതൊരു വലിയ പ്രയോജനം തന്നെയായിരിക്കും. മനുഷ്യൻ ഒരു സാമൂഹ്യ ജീവിയാണ്. അവന്റെ കാര്യം രാഷ്ട്രീയക്കാർ നോക്കികൊള്ളും എന്ന് പറഞ്ഞ് അവഗണിക്കുവാൻ ഒരു നല്ല മതത്തിന് കഴിയില്ല. മനുഷ്യന്റെ സാമൂഹ്യ

പെരുമാറ്റ രീതിയെ നിയന്ത്രിക്കുന്ന തത്വങ്ങൾക്ക് രൂപം കൊടുക്കുവാൻ മതത്തിന് കഴിയണം. (ഉദാഹരണത്തിന് വിവാഹം, കുടുംബജീവിതം, നല്ല അയൽവക്ക ബന്ധം തുടങ്ങിയവ) അതിലൂടെ സമാധാനവും നിയമവ്യവസ്ഥയും സ്ഥാപിക്കപ്പെടണം. എല്ലാ വിഭാഗം ജനങ്ങളുടെയും, അവകാശങ്ങളും പ്രത്യേക അവകാശങ്ങളും സംരക്ഷിക്കപ്പെടണം..

ഭരണകൂടം സമൂഹത്തിന് വേണ്ടി നിയമങ്ങൾ രൂപ കൽപനകൾ ചെയ്തിട്ടുണ്ടെങ്കിലും, അത്തരം നിയമങ്ങൾ പലപ്പോഴും വ്യക്തി അധിഷ്ഠിതമാകാം, അല്ലെങ്കിൽ ഒരു വിഭാഗം ആളുകൾക്ക് നിശ്ചിത താൽപ്പര്യത്തിന് വേണ്ടിയാകാം. അഥവാ രാഷ്ട്രീയ ആശ്രിതർക്കു വേണ്ടിയാകാം; അത്തരം പോരായ്മകൾ അതിനുണ്ട്. വ്യക്തിതാൽപ്പര്യങ്ങൾക്കതീതമായി, സമഭാവനയോടെ നിയമങ്ങൾ നിർമ്മിക്കുവാൻ, ദൈവത്തിനുമാത്രമേ കഴിയുകയുള്ളൂ. നിലനിൽപ്പുള്ള ഒരു യഥാർത്ഥ മതം, ഗാർഹികമായ ബന്ധങ്ങളെക്കുറിച്ചും, പൗരന്മാരുടെ അവകാശങ്ങളെക്കുറിച്ചും ഉത്തരവാദിത്വങ്ങളെക്കുറിച്ചും, മുതലാളി-തൊഴിലാളി ബന്ധങ്ങളെക്കുറിച്ചും, ഭരണകർത്താക്കളെക്കുറിച്ചും, ഭരണീയരെക്കുറിച്ചും, ധനവാന്മാരെ സംബന്ധിച്ചും, പാവപ്പെട്ടവരെ സംബന്ധിച്ചും, ഒരു മതത്തെ പിൻതുടരുന്നവരെക്കുറിച്ചും, മറ്റ് മതങ്ങൾ പിൻതുടരുന്നവരെക്കുറിച്ചും തുടങ്ങിയ വിഷയങ്ങളിൽ എങ്ങനെയായിരിക്കണം തങ്ങളുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കേണ്ടതെന്ന് വ്യക്തമായും പ്രതിപാദിക്കേണ്ടതാണ്. ഈ കാര്യത്തിൽ ഒരു മതം പരാജയപ്പെട്ടാൽ, ആ മതത്തിനെ മതമെന്ന് പേരിനു പറയാം എന്ന് മാത്രം! സമുദായത്തെ നിയന്ത്രിക്കുവാൻ അതിനാകില്ല. ഒരു മതവുമായുള്ള ബന്ധം എന്തായിരിക്കണമെന്ന് ജനങ്ങൾ തീരുമാനിക്കട്ടെ ! കാര്യം ഇങ്ങനെയാണ്. ഈ വിഭാഗത്തിൽ നല്ല നിലയിൽ സ്ഥാപിതമായിട്ടുള്ള അനേകം മതങ്ങൾ, ലോകത്ത് പരാജയപ്പെടുന്നു. കാരണം അവരുടെ മതങ്ങളിൽ അനുയോജ്യമായ മാർഗ്ഗദർശനത്തിന്റെ അഭാവം അനുഭവപ്പെടുന്നു. അഥവാ ആ മതത്തിന്റെ പ്രകൃതി അപ്രകാരമാണ്. അതിന്റെ ഉത്പത്തി സാർവ്വദേശീയ ആവശ്യങ്ങൾ പൂർത്തിയാക്കുവാനുള്ള ജോലിയായിരിക്കില്ല. അവയ്ക്ക് പരിമിതമായ ഭാവം മാത്രമാണുള്ളത്, പ്രത്യേക ജനതയ്ക്ക് വേണ്ടി ഒരു പ്രത്യേക കാലത്തേക്ക് പരിമിതപ്പെടുത്തിയ ജോലിയായിരിക്കാം. മതത്തെ തള്ളിപ്പറയുന്നതിന്റെ കാരണങ്ങളിൽ ഒന്നായിരിക്കാം. കാരണം ജനങ്ങൾ മാർഗ്ഗദർശനത്തിനായി മതത്തെ സമീപിക്കുമ്പോൾ, അവിടെ നിന്നും അത് ലഭിക്കുന്നില്ല. എന്നാൽ ഇസ്ലാം, സമ്പൂർണ്ണ ജീവിത പദ്ധതിയാണത്. യഥാർത്ഥമതമാണത്. അത് മനുഷ്യന്റെ ആന്തരികവും ബാഹ്യവുമായ കാര്യങ്ങൾ നിയന്ത്രിക്കുന്നു. അവന്റെ ആത്മാവിനെയും പരിതസ്ഥിതിയേയും, സമൂഹത്തിൽ അവനുള്ള സ്ഥാനത്തേയും, അവന്റെ ആത്മീയ ആവശ്യങ്ങളും പോഷണങ്ങളും, അത് നേടുന്നതിനുള്ള മാർഗ്ഗങ്ങളും അത് തുറന്നിടുന്നു.

നാശം പ്രത്യക്ഷമായിരിക്കുന്നു. ഈ തിന്മയുടെ ബഹിർഗമനം എന്നത്തെക്കാളുമുപരിയായി അപകടകരമായ നിലയിൽ, പൈശാചികമായ വിധത്തിൽ പ്രത്യക്ഷമായിരിക്കുകയാണ്. ഇത് എല്ലാ രാഷ്ട്രത്തെയും ചെറുതാകട്ടെ, വലുതാകട്ടെ പുറമെ നിന്നും അകത്ത് നിന്നും തിന്നു നശിപ്പിക്കുന്നതാണ്. ഈ തിന്മകളിൽ നിന്ന് ജനങ്ങൾക്കിനി സുരക്ഷിതരായിരിക്കുവാൻ കഴിയില്ല. കാരണം അവർക്കാവശ്യമായ സംരക്ഷണത്തെ അവർ സ്വയം ഇല്ലാതാക്കിയിരിക്കുകയാണ്. ജനങ്ങൾ ദൈവത്തിൽ ഭരമേൽപ്പിക്കുകയും അവനുമായി ചേർന്ന് നിൽക്കുകയും ചെയ്യുന്നതാണ് സംരക്ഷണം. ആ സംരക്ഷണത്തെ അവർ ഉപേക്ഷിച്ചിരിക്കുന്നു. അവരിൽ കുടികൊണ്ടിരിക്കുന്ന നന്മയും ആത്മീയതയും വെടിഞ്ഞ് അധികാരത്തിന്റെയും സമ്പത്തിന്റെയും അത്യാർത്തി നിമിത്തം ഭൗതികതയിൽ പിടിമുറുക്കിയിരിക്കുകയാണ്. ഇസ്ലാം ഇന്നും ജീവിച്ചിരിക്കുന്നു. അവയുടെ അധ്യാപനങ്ങളും ജീവിച്ചിരിക്കുന്നു. അത് എക്കാലത്തും പ്രായോഗിക തലത്തിൽ പ്രസക്തവുമാണ്. നമ്മുടെ കാലത്തും ! അതിനായി നാം വിശുദ്ധ ഖുർആനിലേക്ക് മടങ്ങേണ്ടതുണ്ട്. ഇത്തരം നാശങ്ങൾ ഇൻശാ അല്ലാഹ് ബലഹീനമായ ഒരു പേക്കിനാവുപോലെയായിരിക്കും. ജനങ്ങൾ സദുദ്ദേശത്തോടെ അവർ നിലനിൽക്കുന്ന അന്ധകാരത്തിൽ നിന്ന് പുറത്തേക്കുള്ള വഴി അന്വേഷിച്ചാൽ, അല്ലാഹുവിനെ അന്വേഷിച്ചാൽ ! ഈ പ്രസംഗത്തിന്റെ ലക്ഷ്യം നിങ്ങൾക്കെല്ലാപേർക്കും ഉൾക്കൊള്ളുവാൻ അല്ലാഹു (ത) നിങ്ങളെ പ്രാപ്തരാക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. വിശിഷ്യാ ലോകത്ത് നാശം പടർന്ന് പിടിച്ച ഈ സന്ദർഭത്തിൽ! ഓരോ ദിനം പിന്നിടുന്തോറും അവസ്ഥ മോശമായിക്കൊണ്ടിരിക്കുകയാണ്. മൗറീഷ്യസ് ഇന്ത്യൻ മഹാ

സമുദ്രത്തിലെ ഈ ചെറിയ ദ്വീപ് പോലും, ഈ അഴിമതിയിൽ നിന്നും ഒഴിവല്ല. ഒരു മാസത്തിൽ കൂടുതലായി, ഇവിടുത്തെ മന്ത്രിമാരുടെ അഴിമതി പൊതുജനങ്ങളിലേക്ക് എത്തിക്കൊണ്ടിരിക്കുന്നതിന് നാം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുകയാണ്. ലോകത്തിന്റെ ഓരോ മുക്കിലും മൂലയിലും ഈ അഴിമതി എത്തിയിരിക്കുകയാണ്. അഴിമതിക്കാരായ പ്രസിഡന്റുമാർ, മന്ത്രിമാർ, മറ്റ് വലിയവലിയ വ്യക്തികൾ. ആയതിനാൽ ലോകമെങ്ങുമുള്ള ജനങ്ങൾക്കായി നമുക്ക് പ്രാർത്ഥിക്കാം, അവരുടെ അജ്ഞതയുടെ മൂടുപടം നീങ്ങുവാനും, സർവ്വശക്തനായ അല്ലാഹു (ത) അവരെ സംരക്ഷിക്കുവാനുമായി ; അവർ സാത്താന്റെയും അവന്റെ കൂട്ടാളികളുടെയും പ്രേരണകളിൽ നിന്ന് മുക്തരാകുന്നതിനുവേണ്ടിയും ! അല്ലാഹു (ത) അവരോട് കരുണ കാണിക്കട്ടെ. നമ്മോടും കരുണ കാണിക്കട്ടെ! ഈ താത്ക്കാലിക ലോകത്ത് കഴിയുന്ന എല്ലാറ്റിനോടും അവൻ കരുണ കാണിക്കട്ടെ !

അല്ലാഹു (ത) ഈ ലോകത്ത് നിന്ന് ഒന്നുകിൽ അവരെ തള്ളി കളയാം; അല്ലെങ്കിൽ അവർക്ക് മാപ്പ് ചെയ്യാം. അതിലൂടെ മാത്രമേ നന്മ പ്രാപിക്കുകയുള്ളൂ. എല്ലാവിധ സാത്താനിക പ്രേരണകളും കുറേശ്ശയായി അപ്രത്യക്ഷമാകുകയുള്ളൂ. ഹസ്രത് നൂഹ് (അ) ന്റെ ഈ പ്രാർത്ഥനയോട് കൂടി ഞാൻ ഇതിന് വിരാമമിടുന്നു. **“എന്റെ നാഥാ ! ഈ ഭൂമിയിൽ അവിശ്വാസികളിൽ ഒരു വീട്ടുകാരനെയും നീ വസിക്കാൻ വിടരുതെ; കാരണം നീ അവരെ വിടുന്നതായാൽ തീർച്ചയായും നിന്റെ ദാസരെ അവർ വഴി പിഴപ്പിക്കും. നന്ദികെട്ട പാപികളെ അല്ലാതെ അവർ ജനിപ്പിക്കുകയുമില്ല. എന്റെ നാഥാ, എനിക്ക് നീ പൊറുത്തു തരേണമേ, എന്റെ മാതാപിതാക്കൾക്കും എന്റെ വീട്ടിൽ വിശ്വാസികളായി പ്രവേശിച്ചവർക്കും, മറ്റ് സത്യവിശ്വാസികൾക്കും വിശ്വാസിനികൾക്കും നീ പൊറുത്തു കൊടുക്കേണമേ. അക്രമികൾക്ക് നാശമല്ലാതെ മറ്റൊന്നും നീ വർധിപ്പിക്കരുതേ.”** (71:27,28,29) **ആമീൻ.**


<u>Translated & Issued By</u>

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*